**പതിനാലാം കേരളനിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1537** 10.02.2020 ൽ മറുപടിയ്ക്ക്

## തൈക്കൂട്ടം തൂക്കുപാലം

**ചോദ്യം**

**ശ്രീ.ബി.ഡി. ദേവസ്സി**

(എ) 2018ലെ മഹാപ്രളയത്തിൽ തകർന്ന് പ്രവർത്തനരഹിതമായ കാട്ടുകുറ്റി ഗ്രാമപഞ്ചായത്തിലെ തൈക്കൂട്ടം തൂക്കുപാലം അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

ബി) ഇതിനായി നിർമ്മാണ ഏജൻസിയായ 'കെൽ' മുഖാന്തരം സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റിന് മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിന് അനുമതിയും ഫണ്ടും ലഭ്യമാക്കുമോ ?

**മറുപടി**

**എ.സി.മൊയ്തീൻ**
**(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി)**

(എ) & (ബി) നിർമ്മാണ ഏജൻസിയായ 'കെൽ' മുഖാന്തരം പണി കഴിപ്പിച്ചിട്ടുള്ള കാട്ടുകുറ്റി ഗ്രാമപഞ്ചായത്തിലെ തൈക്കൂട്ടം തൂക്കുപാലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തിയിൽ ഉൾപ്പെട്ടതല്ല. അതിനാൽ 2018 ലെ മഹാപ്രളയത്തിൽ തകർന്ന തൈക്കൂട്ടം തൂക്കുപാലം അറ്റകുറ്റപ്പണി നടത്തുന്നതിന് ജില്ല, ബ്ലോക്ക്, ഗ്രാമ പഞ്ചായത്തുകളിൽ നിന്ന് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

Danuja M
സെക്ഷൻ ഓഫീസർ